# Mathrubhumi

## 23 August 2018

## Kochi, After Flood, Flood Victims, Free Medicine



# പ്രളയബാധിതർക്ക് ഒരുമാസത്തേക്ക് മരുന്ന് സൗജന്യം

### ആരോഗ്യവകുപ്പിന്റെ കൺട്രോൾ റൂം തുടങ്ങി

കൊച്ചി: ദുരിതാശ്വാസ ക്യാമ്പുകളിൽനിന്ന് വീടുകളിൽ തിരിച്ചെത്തിയശേഷം അസുഖം ബാധിച്ചവർക്ക് ഒരുമാസത്തേക്കുകൂടി മരുന്നുകൾ സൗജന്യമായി നൽകും. ആയുർവേദ വിഭാഗത്തിന്റെ നേതൃത്വത്തിൽ എറണാകുളത്ത് ഒരു കുടുംബത്തിന് ഒരുകിറ്റെന്ന കണക്കിൽ പ്രതിരോധ മരുന്നുകൾ എല്ലാ വീടുകളിലുമെത്തിക്കും. എറണാകുളം ഗസ്റ്റ് ഹൗസിൽ ചേർന്ന അവലോകനയോഗത്തിനുശേഷം ആരോഗ്യമന്ത്രി കെ.കെ. ശൈലജ അറിയിച്ചതാണിത്.

ക്യാമ്പുകളിൽ ഡയാലിസിസ് ആവശ്യമുള്ളവരെ സഹായിക്കാൻ സർക്കാരാശുപത്രികളിലെ ഡയാലിസിസ് മെഷീൻ ഷിഫ്റ്റുകൾ കൂട്ടും. മാരകരോഗങ്ങൾക്ക് ചികിത്സ തേടുന്നവർക്ക് രേഖകൾ നഷ്ടമായാലും യഥാസമയം കൃത്യമായ തുടർചികിത്സ ആശുപത്രികളിൽ നൽകും.

ശുചീകരണത്തിനാവശ്യമായ ക്ലോറിൻ, ബ്ലീച്ചിങ് പൗഡർ തുടങ്ങിയവ ടൺകണക്കിന് ആവശ്യമുണ്ട്. ഇതിന് അൽപം ദൗർലഭ്യവുമുണ്ടെന്ന് മന്ത്രി പറഞ്ഞു.

പ്രളയബാധിത ജില്ലകളിൽ ജില്ലാ ആരോഗ്യ കേന്ദ്രത്തിനുപുറമേ ആരോഗ്യവകുപ്പ് നേരിട്ട് നിയന്ത്രിക്കുന്ന ജില്ലാതല കൺട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്. ആലപ്പുഴയിൽ ജില്ലാ കൺട്രോൾ റൂം ചെങ്ങന്നൂരിലും എറണാകുളത്ത് ജനറൽ ആശുപത്രിയിലുമാകും പ്രവർത്തിക്കുക. കൺട്രോൾ റൂമിനൊപ്പം 24 മണിക്കൂർ പ്രവർത്തിക്കുന്ന കോൾ സെൻറർ സജ്ജീകരിച്ചു.

ക്യാമ്പുകളിൽ മെഡിക്കൽ സംഘം ഇല്ലാത്ത സാഹചര്യം വരുമ്പോഴുള്ള അവശ്യഘട്ടങ്ങളിൽ കൺട്രോൾ റൂമിൽ വിളിച്ച് കാര്യങ്ങൾ ധരിപ്പിക്കണം. ഏതെങ്കിലും ക്യാമ്പിൽ മരുന്നുകളില്ലെങ്കിൽ ആ വിവരം ബന്ധപ്പെട്ടവർ ജില്ലാ ജനറൽ ആശുപത്രിയിലെ കൺട്രോൾ റൂമിൽ അറിയിച്ചാൽ ഉടൻതന്നെ മരുന്നുകൾ എത്തിക്കാൻ സംവിധാനമുണ്ട്.

പ്രളയത്തിനിരയായവരിൽ പലരും മാനസികമായി തകർന്ന നിലയിലാണ്. ഇവരെ അതിജീവനത്തിന് സഹായിക്കുന്ന തരത്തിലേക്കും മാറ്റിയെടുക്കുന്നതിന് സാമൂഹികനീതി വകുപ്പുമായി ചേർന്ന് കൗൺസലിങ് നൽകുമെന്നും മന്ത്രി പറഞ്ഞു.